## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികരിച്ച വേതനം - പ്രോജക്ട് വയ്ക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികരിച്ച വേതനം തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രോജക്ട് രൂപീകരിക്കുമ്പോൾ വികസന ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്യുന്നതിനും -അനുവാദം നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം. 1556/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/04/2016.**

പരാമർശം : 1. സ.ഉ.(സാധാ) നം. 636/2016/തസ്വഭവ.തീയതി,16/02/2016.
2. വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 20/04/2015 ലെ 2.2 നമ്പർ തീരുമാനം.

### ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരുടെ വേതനം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപ്പർമാരുടെ വേതനം 4100/- രൂപയിൽ നിന്നും 7000/- രൂപയായും വർദ്ധിപ്പിച്ച് ഉപാധികളോടെ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഇതിലേയ്ക്കാവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം വേതനം നൽകുന്നതിന് പ്രോജക്ട് വയ്ക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികരിച്ച വേതനം അവരുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രോജക്ട് രൂപീകരിക്കുമ്പോൾ പരാമർശം 1 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസന ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്യുന്നതിനും അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.ഐ.ഷെയ്ഖ് പരീത് ഐ.എ.എസ്**
ഗവ.സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ